# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3603** — **10-04-2013 ൽ മറുപടിയ്ക്ക്**

## നെൽകർഷകർക്ക് അധികവരുമാനമുണ്ടാക്കുന്നതിന് പദ്ധതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.ശിവദാസൻ നായർ<br>ശ്രീ.എം.പി.വിൻസെന്റ്<br>ശ്രീ.ലൂഡി ലൂയിസ്<br>ശ്രീ.എ.റ്റി.ജോർജ് | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് നെൽ കൃഷിക്കാർക്ക് അധിക വരുമാനം ഉണ്ടാക്കുന്നതിനുള്ള പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;<br>എങ്കിൽ വിശദമാക്കുമോ; | (എ) രൂപീകരിച്ചിട്ടുണ്ട്. ഗ്രൂപ്പ് ഫാമിംഗ് പദ്ധതി പ്രകാരം 2011-12 വർഷം 9356 ഹെക്ടറിൽ പുഞ്ച സീസണിൽ പയർ വർഗ്ഗത്തിൽപ്പെട്ട വിളകളും 2012-13 ൽ 11258 ഹെക്ടറിൽ പച്ചക്കറി കൃഷിയും ചെയ്തിട്ടുണ്ട്. |
| (ബി) ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;<br>വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പുഞ്ച സീസണിൽ വെള്ളം ലഭ്യമല്ലാത്തതിനാൽ മിക്ക പാടശേഖരങ്ങളിലും നെൽകൃഷി നടപ്പിലാക്കുന്നില്ല. ഈ സീസണിൽ മൂന്നുമാസം കൊണ്ട് വിളവെടുത്ത് അവസാനിക്കുന്ന വിളകളായ പയർ, പച്ചക്കറി എന്നിവ നട്ട് വിളവെടുക്കുന്നത് മൂലം നെൽപ്പാടങ്ങളിൽ നിന്നും അധികമായി കർഷകന് വരുമാനം ലഭിക്കുന്നു. മാത്രവുമല്ല പയർവർഗ്ഗത്തിൽപ്പെട്ട വിളകൾ മണ്ണിൽ നൈട്രജന്റെ അളവ് കൂട്ടുകയും ചെയ്യുന്നു. വിളവെടുത്തതിനു ശേഷം ഇവ ജൈവവളമായി വയലിൽ ഉപയോഗിക്കുന്നു. |
| (സി) ഏതെല്ലാം ഏജൻസികളുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്;<br>വിശദമാക്കുമോ; | (സി) ഗ്രൂപ്പ് ഫാമിംഗ് സമിതി, സ്വയം സഹായ സംഘങ്ങൾ, കർഷക തൊഴിലാളി ഗ്രൂപ്പുകൾ, വനിതാ ഗ്രൂപ്പുകൾ എന്നീ ഏജൻസികളാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;<br>വിശദമാക്കുമോ? | (ഡി) കർഷകർക്ക് കൃഷി നടപ്പിലാക്കുന്നതിനാവശ്യമായ പരിശീലനം, ചർച്ചാ ക്ലാസ്സ് എന്നിവ നടത്തുകയും ഉല്പാദനോപാധികൾ ലഭ്യമാക്കുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ